39 (3364) വനനശീകരണവും കള്ളക്കടത്തും തടയാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടി കള്ളക്കടത്ത് തടയുന്നതിനായി ഫോറസ്റ്റ് ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വനത്തിലെ തടി അനധികൃതമായി മുറിക്കുന്നവർക്ക് തടവു ശിക്ഷ നൽകുന്നതിന് ഫോറസ്റ്റ് ആക്ടിൽ നിലവിൽ വ്യവസ്ഥയുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) വനനശീകരണവും തടി കള്ളക്കടത്തും സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഭേദഗതി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്. 1961, കേരള ഫോറസ്റ്റ് ആക്ടിൽ, 1993-ലെ ഭേദഗതി അനുസരിച്ച് ഏറ്റവും കുറഞ്ഞ തടവ് ഒരു കൊല്ലമായും പരമാവധി 5 വർഷമായും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 1999 ജൂൺവരെ 4462 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

40 (3365) വനത്തിനുള്ളിലെ വനവൽക്കരണ പരിപാടി

ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോന്മുഖമായ വനങ്ങൾ പുഷ്ടിപ്പെടുത്തുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനത്തിലുള്ള വനവൽക്കരണ പരിപാടിക്ക് ഇതുവരെയായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാശോന്മുഖമായ വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ താഴെ പറയുന്ന പദ്ധതികളിലൂടെ വനംവകുപ്പ് നടത്തിവരുന്നുണ്ട്.

1) കേരള ഫോറസ്ട്രി പ്രോജക്ട് :

സമഗ്രമായ വനവികസനവും വനപരിപാലനവും ഉദ്ദേശിച്ചു കൊണ്ട് ലോകബാങ്കിന്റെ സഹായത്തോടുകൂടി 1998-99 മുതൽ നാല് വർഷം കൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കുവേണ്ടിയുള്ള മൊത്തം അടങ്കൽത്തുക 182.39 കോടി രൂപയാണ്. ഇതിന്റെ ഭാഗമായി 23000 ഹെക്ടർ ഭാഗികമായി പ്രക്ഷീണ വനങ്ങളെ ഓജസ്സുള്ള സ്വാഭാവിക നിബിഡവനങ്ങളാക്കുക, 9000 ഹെക്ടർ പ്രക്ഷീണ വനങ്ങളെ നിബിഡവനങ്ങളാക്കുക, 4700 ഹെക്ടർ പ്രദേ

LIBRARY ARCHIVES Kerala Legislative Assembly